**BEFORE THE NATIONAL GREEN TRIBUNAL (SOUTHERN ZONE) CHENNAI**

**O.A.No. 151 OF 2020**

Akhila Kerala Dheevara Sabha,
Represented by its General Secretary,
Mr.V.Dinakaran

...APPLICANT

Vs

State of Kerala, Represented by
Chief Secretary,
Government Secretariat,
Thiruvananthapuram and 15 others

... RESPONDENTS

## Reply Affidavit filed by the 4th Respondent

It is submitted that this Hon'ble Tribunal passed an order dated 27.08.2020 directing the 4th respondent to file a reply in the above case before this Hon'ble Tribunal on or before 13.10.2020.

2. It is submitted that, to comply with the order of this Hon'ble Tribunal, the 4th respondent herein filed a reply along with annexures enclosed herewith.

3. It is humbly submitted that the respondent reserve his right to file additional reply affidavit at later stage, if necessary.

It is therefore prayed that this Hon'ble Tribunal may be pleased to take the facts adduced in this reply statement and to pass suitable orders and thus render justice.

Dated at Chennai on this the 19th day of October, 2020.

E.K.Kumaresan

Standing counsel for Kerala(SZ)

(1)

DMC2- 513/16.

Collectorate, Alappuzha.
Dated . 24/08/2020
Phone : 0477 2251675, 2251676
Fax : 0477 2251720
E-mail-dcalp@ker.nic.in
Website-WWW.alappuzha.nic.in

From
The District Collector,
Alappuzha.

To
Advocate General
Ernakulam.

Sir,

Sub:- Submitting instructions in connection with the O.A.151/2020 filed by Akhila Kerala Dheevara Sabha before the Hon'ble National Green Tribunal,Chennai - reg.

Ref:- 1. Lr.No.W4/O.A 151/2020 dtd.18.08.2020 of the Advocate General, Ernakulam.
2. Plaint copy of O.A 151/2020.

-------

I invite attention to the references cited. I am submitting herewith the instructions regarding the O.A.151/2020 filed by Akhila Kerala Dheevara Sabha before the Hon'ble National Green Tribunal, Chennai for necessary action.

Yours faithfully,

District Collector

Enclosure: Instructions and annexures.

T2

(11)

DMC2- 513/16.

Collectorate, Alappuzha.
Dated . 24/08/2020
Phone : 0477 2251675, 2251676
Fax : 0477 2251720
E-mail-dcalp@ker.nic.in
Website-WWW.alappuzha.nic.in

From
The District Collector,
Alappuzha.

To
Advocate General
Ernakulam.

Sir,

Sub:- Submitting instructions in connection with the O.A.151/2020 filed by Akhila Kerala Dheevara Sabha before the Hon'ble National Green Tribunal,Chennai - reg.

Ref:- 1. Lr.No.W4/O.A 151/2020 dtd.18.08.2020 of the Advocate General, Ernakulam.
2. Plaint copy of O.A 151/2020.

-------

I invite attention to the references cited. I am submitting herewith the instructions regarding the O.A.151/2020 filed by Akhila Kerala Dheevara Sabha before the Hon'ble National Green Tribunal, Chennai for necessary action.

Yours faithfully,

District Collector

Enclosure: Instructions and annexures.

T2

(37)

**The drudging of mineral sand in downstream of leading channel in thottapally spillway and cutting sand bar.**

Thottapally spillway built in 1955 is for the purpose of preventing saline water entering into the kuttanad area during dry months and enable discharge of flood to Arabian sea from rivers pampa and achankovil during monsoon . The spillway has40 numbers of shutters and has a total length of 340 meter. All the shutters will keep opened before the onset of monsoon inevery year. As natural consequence of the barrage preventing discharge of water during dry season on the seaward side of the barrage spillway , sand bars are formed . The sand bar formation at the confluence of the sea in between the regulator and the sea prevents free flow of flood water during monsoon on opening the spillway. The beach sand bar formations require to be removed prior to the monsoon seasons to drain out the flood water in order to avoid loss of life, property and agriculture in kuttanad area which lying below the sea level. The Spillway was orginally having a width 360 meter. But it was reduced approximately to 30 metrs width due to the formation of sand bar and plantation of casuarina trees in the pozhy. The shortage of width at pozhy mouth decreeses the efficiency of draining out the flood water into the sea. Based on the observations of MS Swaminathan Commission it is decided to deepening leading channel from veeyapuram and widening the leading channel at the pozhy portion to increase the discharge of flood water to the sea. To save the lives and livelihood of the people in the district, the District Disaster Management Authority conducted a meeting on 06/05/2019 and took a decision to remove the obstacles in the leading channel of thottapally spillway. True copy of the minutes of the meeting held on 06/05/2019 is produced herewith Annexure -1.

In light of this decision, the District Collector and Chairman of District Disaster Mananagement Authority issued an order under Disaster Managment act 2005 U/s 30 directing Executive Engineer Irrigation to remove the obstacles

in the leading channel to ensure free flow of water into the sea. True copy of the proceedings No DMC2-513/2016 dated 07/05/2019 is produced herewith and marked as Annexure 4.

Subsequently the state government issued an order vide No. GO (Rt) No.385/2019/WRD/dt.31/05/2019 in which accepting an engagment of contract with Kerala Minerals and Metals Limited (KMML), a public sector company of the Government of Kerala and Indian Rare Earth Limited (IREL), a public sector company under the Government of India and engaged KMML to contract with IREL for removal of mineral sand from Thottapally spillway pozhi mouth. True copy of the government order GO (Rt) No.385/2019/WRD dated 31/05/2019 is produced herewith and marked as Annexure 5.

As per the above Government Order dated 31/05/2019, Irrigation Department entruested the work to KMML; Chavara, Kollam vide agreement No 47/SE/ISC/2019-20 dated 11-10-2019 for the deepening and widening of leading channel from the down stream of Thottapally spillway. But unfortunately KMML and IREL failed to remove the sand prior to 2019 monsoon. In August 2019 severe flood affected the State of Kerala especially in Kuttanad taluk due to unusual high rainfall during the monsoon season. In 2018 about 3609 houses were damaged fully and around 100000 houses were damaged partially and in 2019 around 1725 families were shifted to relief camp. The river achankovil, pampa were overflowed and flood water reached to the roof level of nereby inhabitants, eventhough the sand bar formed in the mouth of thottapally spillway was cut opened.

In the current situation of covid 19 it is important drain out flood water smoothly to avoid evacuation of people, loss of life, agriculture and property in Kuttanad taluk. To tackle this situation DDMA convened a meeting on

19/05/2020 and took a decision to restore the efforts to remove the obstacles from Thottapally leading channel and sea mouth. True copy of the minutes of the meeting held on 19/05/2020 is produced herewith and marked as Annexure 4.

Around 550 numbers of casuarina trees were planted in the portion of leading channel near to pozhimouth by social forestry department. It will get obstruction to the free flow of flood water. The District Administration cut down these casuarine trees on 22/05/2020. The District Collector issued an order under section 34 of Disaster Managment Act 2005, directing to Executive Engineer Irrigation to take urgent step to clear remove the sand bar from thottapally leading channel and sea mouth. The copy of the proceedings No. DMC2-513/2016 dated 22/05/2020 is produced herewith and marled as Annexure 5.

Asper order issued by District Collector and Chairman, DDMA under the Disaster Managment Act and asper existing Government Order dated 31/05/2019, KMML commenced their work at thottapally under supervision of Irrigation department.

On 01/06/2020 Secretary of Purakkad Grama Panchayath issued a stop memmo to Managing Director KMML direct them to stop the transporting of minerals sand from Thottapally. True copy of the stop memmo dated 01/06/2020 is produced herewith marked as Annexure 6.

The stop memmo issued by the Panchayath Secretary was against the existing Government Order which allows KMML to drudge and transport the sand from Thottaplly. So District Collector issued a show cause notice to the Secretary Purakkad Grama Panchayath directing him to explain on what basis the Panchayath Secretary issued stop memmo. True copy of the show cause

noticce dated 04/06/2020 is produced herewith and marked Annexure 9.

As reply to showcause notice the Secretary of Purakkad Gramapa Panchayath explained in writing that he was unaware of the Government Order which allows KMML to drudge and transport the mineral sand from Thottapally. He had also put a submission. to the Panchayath committee to review the decision. True copy of the explanation of secretary of Purakkad Grama Panchayath dated 05/06/2020 is produded herewith and marked as Annexure 10.8

Meanwhile a writ petition WP (C ) No. 11060 /2020 was filed by Sri. M.H Vijayan before the Hon'ble High Court of Kerala against the activity being done in Thottapally. The above WP (C ) is now pending before the court. There was a direction given to District Collector to conduct an inspection and submitt a report regarding the environmental. degredation issues in Thottapally. Inspection report was submitted before the Hon'ble High Court of Kerala.

It is further submitted that asper appendix IX of notification No. SO1244(E) dated 28/03/2020 of MOEF and CC certain cases do not require prior environmental clearance - "Drudging and desilting of dams, reservoirs, weirs, barrage, river and cannals for the purpose of their mainantanance upkeep and Disaster Managment shall not require prior environmental clearance as per item No. 7 of Appendix of the said notification. True copy of the notification is produced herewith Annexure 11.9

The Gramapanchayath has no power or authority to interfere with respect to atomic minerals and Beach-sand minerals. The powers, authority and responsibility of the panchayath as provided in Article 243 G of Constitution which are only confined to matters endosed by the State Legistalure with

respect to matters listed in the 11th schedule. Neither the Kerala Panchayath Raj Act nor the 11th Schedue of the Constitution gives authority to Gramapanchayath to interfere with the power of the State Government to deal with minerals.

It is submitted that neither the Panchayath nor its Secretary or President have an authority to interfere with the action taken under the Disaster Managment Act by this respondent for the removal of sandbars which is incidently an atomic mineral/Beach-sand from the Thottapally spillway channel and pozhimouth.

The drudging work was started on 20/05/2020 and completed on 23/07/2020. On completion of this work the width of leading channel is incresed to 360 metre from 30 metre. Now the trasportation of mineral sand which heaped on both side of the pozhi to Chavara plant is going on. The work of deepening of leading channel for the upstream side of thottapally from veeyapuram to spillway is in progress.

**Advantages received after completing the cutting open of pozhy and widening of leading channel.**

1. Saved the kuttanad from recent high flooding.
2. Comparing to the previous years we were able to minimise flooding in Kuttanad region considereable level.

So the OA is liable to be dismissed with compensatory cost.

District Collector

Alappuzha

(8)

ANNEXURE - (1)

## 06.5.2019 ലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം

ഹാജർ

1. K.Sreelatha, Dy.Collector DM
2. Sajitha Beegam, Tahsildar Ambalappuzha
3. Bijukumar.M, Tahsildar (LR) Cherthala
4. Rekha.R, EE Kuttanad Development Divn.Thanneermukkom
5. Abbas.B, AEE, KD, Subdivision Thanneermukkom
6. N.R Jayaraj, Dysp (DCB) Alappuzha
7. Fen Antony, ACF Social Forestry Alappuzha
8. Haranbabu.K.P, Ex.Engineer Irrigation
9. Suresh Kumar.S, Chief Engineer, IN & KP Alappuzha
10. K.K.Ansar, SE K.D Circle Kottayam
11. Subashchandra Bose, DT (DM) Ambalappuzha.

യോഗം കൃത്യം 3 മണിക്ക് DDMA ചെയർമാൻ കൂടിയായ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും അദ്ധ്യക്ഷൻ സ്വാഗതം ആശംസിച്ചു.

അജണ്ട

1. തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവിടങ്ങളിലെ മണൽച്ചിറ നീക്കം ചെയ്യുന്നത് സംബന്ധിച്ച്.
2. കുടിവെള്ള വിതരണത്തിന് അനുമതി നൽകിയത് DDMA യുടെ സാധൂകരണം.

(I) കാർത്തികപ്പള്ളി താലൂക്കിൽ കൃഷ്ണപുരം 2 ട്രിപ്പ് (5000 ലിറ്റർ), വീയപുരം (3 ട്രിപ്പ് 5000 ലിറ്റർ)

(II) കുട്ടനാട് താലൂക്കിൽ വെളിയനാട് (3 വള്ളങ്ങൾ), രാമങ്കരി (2 യമഹ വള്ളം), ചമ്പക്കുളം (1 യമഹ വള്ളം)

തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവെ എന്നിവിടങ്ങളിലെ ജല നിർഗമനം സുഗമമാക്കുന്നതിന് സ്വീകരിക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും കൈക്കൊള്ളുന്നതിനായാണ് യോഗം ചേരുന്നതെന്ന് ജില്ലാകളക്ടർ ആമുഖമായി പറഞ്ഞു.

2018 ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തിന ശേഷം പമ്പയാറിന്റെ വിവിധ ഭാഗങ്ങളിലും, ലീഡിംഗ് ചാനലുകളിലും മണ്ണ് അടിഞ്ഞുകൂടിയിട്ടുള്ളതിനാൽ കുറഞ്ഞ തോതിലുള്ള ജലം മാത്രമേ കടലിലേയ്ക്ക് പുറന്തള്ളുവാൻ സാധിക്കുന്നുള്ളുവെന്നും, ആയതിനാൽ അടിയന്തിരമായി തോട്ടപ്പള്ളി സ്പിൽവേയിലെ മണ്ണ് നീക്കുന്നതിന് ദുരന്തനിവാരണ വകുപ്പ് പ്രകാരം നടപടി സ്വീകരിക്കണമെന്നും, മഴക്കാലത്ത് അധികമുള്ള പെയ്ത്ത് ജലം കടലിലേയ്ക്ക് ഒഴുക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള തണ്ണീർമുക്കം ബണ്ടിൽ വിവിധ ഷെറ്ററുകളിലായി ആകെ 21,12,67 മീറ്റർ ക്യൂബ് മണ്ണ് അടിഞ്ഞുകൂടിയതായും ആയത് നീക്കം ചെയ്യണമെന്നും ദുരന്തനിവാരണ വകുപ്പുപ്രകാരം അടിയന്തിരനടപടി സ്വീകരിക്കണമെന്നും ചീഫ്

എൻജിനീയർ കുട്ടനാട് പാക്കേജ് അറിയിച്ചു.

മുൻവർഷം ഉണ്ടായ വെള്ളപ്പൊക്കദുരന്തം ഇനിയും ഉണ്ടായേക്കുവാനുള്ള സാധ്യത കണക്കിലെടുത്തും 02/05/19 ന് ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി, ബഹു. കൃഷി വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിലെ തീരുമാനം അനുസരിച്ചും തോട്ടപ്പള്ളി സ്പിൽവേയിലൂടെയുള്ള ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന കാറ്റാടി മരങ്ങൾ മുറിച്ച് മാറ്റി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

മേൽ സാഹചര്യത്തിലും 2018 ലെ പ്രളയം അഭിമുഖീകരിച്ച വേളയിൽ ഇതുസംബന്ധിച്ച് ഉത്തരവ് നൽകേണ്ട സാഹചര്യം സംജാതമായതിനാലും ഇനിയൊരു ദുരന്തം ഒഴിവാക്കുന്നതിനുള്ള മുൻകരുതലായി ദുരന്തനിവാരണ നിയമം 2005 വകുപ്പ് 30 പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് എക്സിക്യൂട്ടീവ് എൻജിനീയർ, മെക്കാനിക്കൽ വിഭാഗം, ജലസേചന വകുപ്പ് ആലപ്പുഴ, ചീഫ് എൻജിനീയർ കുട്ടനാട് പാക്കേജ് എന്നിവരെ ചുമതലപ്പെടുത്തി ചുവടെ വിവരിക്കും പ്രകാരം പ്രവർത്തികൾ അടിയന്തിര പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.

<u>തീരുമാനം</u>

<u>തോട്ടപ്പള്ളി സ്പിൽവേ</u>

1. തോട്ടപ്പള്ളി സ്പിൽവേയിലെ ലീഡിംഗ് ചാനലുകളിലൂടെ ജലം തടസ്സംകൂടാതെ ഒഴുകുന്നതിന് ആവശ്യമായ നടപടികൾ ഉറപ്പാക്കേണ്ടതാണ്.

2. മഴക്കാലത്ത് ഉണ്ടാകാനിടയുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനാവശ്യമായ അടിയന്തിര മുന്നൊരുക്ക പ്രവർത്തനം ഇറിഗേഷൻ വകുപ്പ് നടത്തേണ്ടതും, ടി പ്രദേശത്ത് ജലനിർഗമനം സുഗമമാക്കുന്നതിന് വിഘാതമായി നിൽക്കുന്ന എല്ലാ തടസ്സങ്ങളും നീക്കം ചെയ്യേണ്ടതും വെള്ളപ്പൊക്കവും അതുവഴി പൊതുജനങ്ങൾക്കുണ്ടാകാനിടയുള്ള നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനാവശ്യമായ (200 മീറ്റർ പരിധിവരെ) പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ആഘാതമാകാതെയും പ്രദേശവാസികൾക്ക് ബുദ്ധിമുട്ടാകാത്ത തരത്തിലും പ്രദേശത്തെ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കാതെയും നിർവ്വഹിക്കേണ്ടതാണ്.

3. തീരത്തെ മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. മണ്ണ് നീക്കം ചെയ്തശേഷം ആയതിന്റെ ഡിസ്പോസൽ സംബന്ധിച്ച തുടർനടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ നിയമപ്രകാരം സ്വീകരിക്കുകയും ടി വിഷയത്തിൽ അതാത് സമയത്തു നിലവിലുള്ള കോടതി ഉത്തരവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയവ കർശനമായി പാലിക്കേണ്ടതുമാണ്.

4. ഇറിഗേഷൻ വകുപ്പ്, സോഷ്യൽ ഫോറസ്റ്റി വകുപ്പുമായി കൂടിയാലോചിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

5. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തോട്ടപ്പള്ളി സ്പിൽവേയിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് നാഗാസമയം എക്സി. എൻജിനീയർ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം അറിയിക്കേണ്ടതാണ്.

<u>തണ്ണീർമുക്കം ബണ്ട്</u>

1. തണ്ണീർമുക്കം ബണ്ടിന്റെ മധ്യഭാഗത്തായി, 405 മീറ്റർ നീളത്തിൽ, വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ നിലനിൽക്കുന്ന പഴയ റോഡായി ഉപയോഗിച്ചിരുന്ന മൺചിറ മഴക്കാലത്തിനു മുമ്പായി വെള്ളപ്പൊക്കവും അതുവഴി പൊതുജനങ്ങൾക്കുണ്ടാകാ

നിഃപുരമി നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി അടിയന്തിര പ്രാബല്യത്തിൽ മൺസൂൺ ആരംഭിക്കുന്നതിനു മുമ്പ് നീക്കം ചെയ്യേണ്ടതാണ്.

2. മൺചിറ നീക്കി വെള്ളമൊഴുക്ക് സുഗമമാക്കുന്നതല്ലാതെ ഇതുമായി ബന്ധപ്പെട്ട് മറ്റ് യാതൊതരത്തിലുള്ള പ്രവർത്തനങ്ങളും ടി പ്രദേശത്ത് നടത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. ടി സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം ബഹു. ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായിരിക്കുന്നതും മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് യാതൊരു തീരുമാനവും ഈ നടപടിക്രമം അനുസരിച്ച് എടുത്തിട്ടില്ലാത്തതുമാണ്. മറിച്ച് പ്രളയദുരന്തം ഒഴിവാക്കുന്നതിനുള്ള പ്രതിരോധ നടപടി എന്ന നിലയിൽ മാത്രമാണ് മണ്ണ് നീക്കം ചെയ്യുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

4. നീക്കം ചെയ്യപ്പെടുന്ന മണ്ണിന്റെ ഉടമസ്ഥാവകാശവും ഡിസ്പോസലും ബഹു.ഹൈക്കോടതിയുടെയും മറ്റ് അധികാരസ്ഥാനങ്ങളുടെയും ഉത്തരവിന് വിധേയമായിരിക്കും.

5. നീക്കം ചെയ്യുന്ന വസ്തുക്കൾ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തണ്ണീർമുക്കം പ്രോജക്റ്റ് ഏരിയായിലെ കരഭൂമിയിൽ, ചീഫ് എൻജിനിയർ കുട്ടനാട് പാക്കേജിന്റെ സംരക്ഷണയിൽ സൂക്ഷിക്കേണ്ടതാണ്. നീക്കം ചെയ്യപ്പെടുന്ന വസ്തുക്കൾ, പ്രസ്തുത സ്ഥലത്തു നിന്നും യാതൊരു നഷ്ടവും, ചോർച്ചയും കൂടാതെ അതേപടി പ്രോജക്റ്റ് ഏരിയായിൽ എത്തുന്നുണ്ടെന്ന് ചീഫ് എഞ്ചിനിയർ, കുട്ടനാട് പാക്കേജ് ഉറപ്പാക്കേണ്ടതും, ആയത് കയറ്റിയിറക്കുന്നതിനുള്ള വാഹനങ്ങളിൽ ജിപിഎസ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

6. വെള്ളപ്പൊക്കവും മറ്റ് നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി മാത്രം ചെയ്യുന്ന ടി പ്രവർത്തി കൊണ്ട് ഒഴിവാക്കാനാവാത്ത മാറ്റങ്ങളല്ലാതെ, പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കുന്ന യാതൊന്നും സംഭവിക്കുന്നില്ലെന്ന് ചീഫ് എഞ്ചിനിയർ, കുട്ടനാട് പാക്കേജ് ഉറപ്പാക്കേണ്ടതാണ്.

7. ചീഫ് എൻജിനിയർ, കുട്ടനാട് പാക്കേജ്, ഇത്തരത്തിൽ നീക്കം ചെയ്യുന്ന മണ്ണ്, തടാകത്തിലോ, തണ്ണീർതടങ്ങളിലോ, നിലങ്ങളിലോ നിക്ഷേപിക്കുവാൻ പാടില്ലായെന്നും, കരഭൂമിയിൽ തന്നെയാണ് സൂക്ഷിക്കുന്നതെന്നും ആയതിൽനിന്നും യാതൊന്നും നഷ്ടപ്പെടുന്നില്ലായെന്നും ഉറപ്പുവരുത്തേണ്ടതും, പൂർണ്ണസംരക്ഷണം നിർവ്വഹിക്കേണ്ടതുമാണ്.

8. ചീഫ് എൻജിനിയർ, കുട്ടനാട് പാക്കേജ്, ടി ആവശ്യത്തിലേക്ക് ആലപ്പുഴ/കോട്ടയം ജില്ലാ പോലീസ് മേധാവികളിൽ നിന്ന് ആവശ്യമായ പോലീസ് സംരക്ഷണം ഉറപ്പുവരുത്തേണ്ടതുമാണ്.

9. ടി മണ്ണ് നിക്ഷേപിക്കുന്ന സ്ഥലത്ത് സാധിക്കുമെങ്കിൽ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ നിരീക്ഷണം ഏർപ്പെടുത്തേണ്ടതാണ്. മേൽവിവരിച്ച പ്രവർത്തികൾക്ക് ആവശ്യമായ തുക ഇറിഗേഷൻ വകുപ്പ് കണ്ടെത്തേണ്ടതുമാണ്

10. മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിയമാനുസൃതം നടപ്പിലാക്കേണ്ടതും ആയത് ഇറിഗേഷൻ വകുപ്പിന്റെ ചെലവിൽ നിർവ്വഹിക്കേണ്ടതുമാണ്.

11. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തണ്ണീർമുക്കത്തുനിന്നും മൺചിറ പൊളിച്ച് നീക്കംചെയ്യുന്ന വസ്തുക്കളുടെ അളവ് സംബന്ധിച്ച വിവരങ്ങൾ ചീഫ് എൻജിനിയർ കുട്ടനാട് പാക്കേജ് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കൂടാതെ താഴെ പറയുന്ന തീരുമാനങ്ങളും DDMA യിൽ അംഗീകരിച്ചിട്ടുള്ളതാണ്.

1) തോട്ടപ്പള്ളി പൊഴിമുഖത്തുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നത് സംബന്ധിച്ച് അസി.ഫോറസ്റ്റ്

11

കൺസർവേറ്റർ, എക്സി. എൻജിനീയർ ഇറിഗേഷൻ എന്നിവരുടെ നിർദ്ദേശം കേൾക്കു..ന്ദും ആവശ്യപ്രകാരം DM Act പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുവാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചു.

2 പഞ്ചായത്ത്/മുനിസിപ്പൽ തലങ്ങളിൽ റീബിൽഡുമായി ബന്ധപ്പെട്ട അപ്പീൽ അപേക്ഷകളിന്മേൽ സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിനായി എഞ്ചിനീയർ/ ഓവർസിയർമാരെ 1500/- രൂപ ദിവസവേതനത്തിൽ 2019 മേയ് 20 വരെ നിയമിക്കാൻ സെക്രട്ടറിമാർക്ക് അനുവാദം നൽകി.

3. കുടിവെള്ള വിതരണം സാധൂകരണം നൽകി-

1) കാർത്തികപ്പള്ളി താലൂക്കിൽ കൃഷ്ണപുരം 2 ടിപ്പ് (5000 ലിറ്റർ), വീയപുരം (3 ടിപ്പ് 5000 ലിറ്റർ)

2) കുട്ടനാട് താലൂക്കിൽ വെളിയനാട് (3 വള്ളങ്ങൾ), രാമങ്കരി (2 യമഹ വള്ളം) ചമ്പക്കുളം (1 യമഹ വള്ളം)

യോഗം 4.30 ന് അവസാനിച്ചു.

(ഒപ്പ്)
ജില്ലാകളക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (ഡി.എം.)

127

ANNEXURE- (2)

**ആലപ്പുഴ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം**

(ഹാജർ : സുഹാസ്. എസ്. ഐ.എ.എസ്)

ഡി.എം.സി 2-513/2016 തീയതി : 07/05/2019

വിഷയം :- ദുരന്തനിവാരണനിയമം 2005-വകുപ്പ് 30- തണ്ണീർമുക്കം ബണ്ടിലെ മണൽ നീക്കം ചെയ്യുന്നതിനും, തോട്ടപ്പള്ളി സ്പിൽവേയിലെ കാറ്റാടി മരങ്ങൾ മുറിച്ചു മാറ്റുന്നതിനും-എക്സിക്യൂട്ടീവ് എൻജിനിയർ ഇറിഗേഷൻ, ആലപ്പുഴ, ചീഫ് എൻജിനിയർ കുട്ടനാട് പാക്കേജ്, എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

വായന : 1. ചീഫ് എൻജിനിയർ കുട്ടനാട് പാക്കേജിന്റെ 27/04/19 W2.2078/2013/KP നമ്പർ റിപ്പോർട്ട്

2. 02.05.2019 ൽ സെക്രട്ടേറിയേറ്റിൽ ബഹു. ജലവിഭവവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗ തീരുമാനം.

3. അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്റ്റി) 04/05/2019 ലെ SW3.60047/19 നമ്പർ കത്ത്.

4. 06/05/2019 ൽ കൂടിയ ജില്ലാദുരന്തനിവാരണ അതോറിറ്റി തീരുമാനം.

പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികളിലെ പ്രളയ ജലത്തിന്റെ തോത് ഒരു നിശ്ചിത പരിധി കഴിയുമ്പോൾ അറബിക്കടലിലേയ്ക്ക് ഒഴുക്കിക്കളയുവാനായി നിർമ്മിച്ചിട്ടുള്ളതാണ് തോട്ടപ്പള്ളി സ്പിൽവേ. 2018 ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തിനു ശേഷം പമ്പയാറിന്റെ വിവിധ ഭാഗങ്ങളിലും, ലീഡിംഗ് ചാനലുകളിലും മണ്ണ് അടിഞ്ഞുകൂടിയിട്ടുള്ളതിനാൽ കുറഞ്ഞ തോതിലുള്ള ജലം മാത്രമേ കടലിലേയ്ക്ക് പുറന്തള്ളുവാൻ സാധിക്കുന്നുള്ളൂവെന്നും, ആയതിനാൽ അടിയന്തിരമായി തോട്ടപ്പള്ളി സ്പിൽവേയിലെ മണ്ണ് നീക്കുന്നതിന് ദുരന്തനിവാരണ വകുപ്പു പ്രകാരം നടപടി സ്വീകരിക്കണമെന്നും, മഴക്കാലത്ത് അധികമുള്ള പെയ്ത്ത് ജലം കടലിലേയ്ക്ക് ഒഴുക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള തണ്ണീർമുക്കം ബണ്ടിൽ വിവിധ റീച്ചുകളിലായി ആകെ 21,12,67 മീറ്റർ ക്യൂബ് മണ്ണ് അടിഞ്ഞുകൂടിയതായും ആയത് നീക്കം ചെയ്യണമെന്നും ദുരന്തനിവാരണ വകുപ്പുപ്രകാരം അടിയന്തിരനടപടി സ്വീകരിക്കണമെന്നും വായന (1) പ്രകാരം ചീഫ് എൻജിനിയർ കുട്ടനാട് പാക്കേജ് അറിയിച്ചിട്ടുള്ളതാണ്.

മുൻവർഷം ഉണ്ടായ വെള്ളപ്പൊക്കദുരന്തം ഇനിയും ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്തും 02/05/19 ന് ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി, ബഹു. കൃഷി വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിലെ തീരുമാനം അനുസരിച്ച് തോട്ടപ്പള്ളി സ്പിൽവേയിലൂടെയുള്ള ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന കാറ്റാടി മരങ്ങൾ മുറിച്ച് മാറ്റി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിന് വായന (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിലും 2018 ലെ പ്രളയം അഭിമുഖീകരിച്ച വേളയിൽ ഇതുസംബന്ധിച്ച് ഉത്തരവ് നൽകേണ്ട സാഹചര്യം സംജാതമായതിനാലും ഇനിയൊരു ദുരന്തം ഒഴിവാക്കുന്നതിനുള്ള മുൻകരുതലായി ദുരന്തനിവാരണ നിയമം 2005 വകുപ്പ് 30 പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് എക്സിക്യൂട്ടീവ് എൻജിനിയർ, മെക്കാനിക്കൽ വിഭാഗം, ജലസേചന വകുപ്പ് ആലപ്പുഴ, ചീഫ് എൻജിനിയർ കുട്ടനാട് പാക്കേജ് എന്നിവരെ ചുമതലപ്പെടുത്തി ചുവടെ വിവരിക്കും വിധം പ്രവർത്തികൾ അടിയന്തിര പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

തോട്ടപ്പള്ളി സ്പിൽവേ

1. തോട്ടപ്പള്ളി സ്പിൽവേയിലെ ലീഡിംഗ് ചാനലുകളിലൂടെ ജലം തടസ്സംകൂടാതെ ഒഴുകുന്നതിന് ആവശ്യമായ നടപടികൾ ഉറപ്പാക്കേണ്ടതാണ്.

2. മഴക്കാലത്ത് ഉണ്ടാകാനിടയുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനാവശ്യമായ അടിയന്തിര മുന്നൊരുക്ക പ്രവർത്തനം ഇറിഗേഷൻ വകുപ്പ് നടത്തേണ്ടതും, ടി പ്രദേശത്ത് ജലനിർഗമനം സുഗമമാക്കുന്നതിന് വിഘാതമായി നിൽക്കുന്ന എല്ലാ തടസ്സങ്ങളും നീക്കം ചെയ്യേണ്ടതും വെള്ളപ്പൊക്കവും അതുവഴി പൊതുജനങ്ങൾക്കുണ്ടാകാനിടയുള്ള നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനാവശ്യമായ (200 മീറ്റർ പരിധിവരെ) പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ആഘാതമാകാതെയും പ്രദേശവാസികൾക്ക് ബുദ്ധിമുട്ടാകാത്ത തരത്തിലും പ്രദേശത്തെ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കാതെയും വായന (4) ലെ നിർദ്ദേശങ്ങൾ പാലിച്ചും അടിയന്തിരമായി നിർവ്വഹിക്കേണ്ടതാണ്.

3. തീരത്തിലെ മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. മണ്ണ് നീക്കം ചെയ്തശേഷം ആയതിന്റെ ഡിസ്പോസൽ സംബന്ധിച്ച തുടർനടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ നിയമപ്രകാരം സ്വീകരിക്കുകയും ടി വിഷയത്തിൽ അതാത് സമയത്തു നിലവിലുള്ള കോടതി ഉത്തരവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയവ കർശനമായി പാലിക്കേണ്ടതുമാണ്.

4. ഇറിഗേഷൻ വകുപ്പ് സോഷ്യൽ ഫോറസ്റ്റി വകുപ്പുമായി കൂടിയാലോചിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

5. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തോട്ടപ്പള്ളി സ്പിൽവേയിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം എക്സി. എൻജിനീയർ
ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം അറിയിക്കേണ്ടതാണ്.

തണ്ണീർമുക്കം ബണ്ട്

1. തണ്ണീർമുക്കം ബണ്ടിന്റെ തെക്കേഭാഗത്തായി, 105 മീറ്റർ നീളത്തിൽ, വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ നിലനിൽക്കുന്ന പഴയ റോഡായി ഉപയോഗിച്ചിരുന്ന മൺചിറ മഴക്കാലത്തിനു മുമ്പായി വെള്ളപ്പൊക്കവും അതുവഴി പൊതുജനങ്ങൾക്കുണ്ടാകാനിടയുള്ള നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി അടിയന്തിര പ്രാബല്യത്തിൽ മൺസൂൺ ആരംഭിക്കുന്നതിനു മുമ്പ് നീക്കം ചെയ്യേണ്ടതാണ്.

2. മൺചിറ നീക്കി വെള്ളമൊഴുക്ക് സുഗമമാക്കുന്നതല്ലാതെ ഇതുമായി ബന്ധപ്പെട്ട് മറ്റ് യാതൊരുതരത്തിലുള്ള പ്രവർത്തനങ്ങളും ടി പ്രദേശത്ത് നടത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. ടി സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം ബഹു. ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായിരിക്കുന്നതും മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് യാതൊരു തീരുമാനവും ഈ നടപടിക്രമം അനുസരിച്ച് എടുത്തിട്ടില്ലായെന്നതുമാണ്. റിച്ച് പ്രളയദുരന്തം ഒഴിവാക്കുന്നതിനുള്ള പ്രതിരോധ നടപടി എന്ന നിലയിൽ മാത്രമാണ് മണ്ണ് നീക്കം ചെയ്യുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

4. നീക്കം ചെയ്യപ്പെടുന്ന മണ്ണിന്റെ ഉടമസ്ഥാവകാശവും ഡിസ്പോസലും ബഹു. ഹൈക്കോടതിയുടെയും മറ്റ് അധികാരസ്ഥാനങ്ങളുടെയും ഉത്തരവിന് വിധേയമായിരിക്കും.

5. നീക്കം ചെയ്യുന്ന വസ്തുക്കൾ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തണ്ണീർമുക്കം പ്രോജക്റ്റ് ഏരിയായിലെ കരഭൂമിയിൽ, ചീഫ് എൻജിനീയർ കുട്ടനാട് പാക്കേജിന്റെ സംരക്ഷണയിൽ സൂക്ഷിക്കേണ്ടതാണ്. നീക്കം ചെയ്യപ്പെടുന്ന വസ്തുക്കൾ, പ്രസ്തുത സ്ഥലത്തു നിന്നും യാതൊരു നഷ്ടവും, ചോർച്ചയും കൂടാതെ അതേപടി പ്രോജക്റ്റ് ഏരിയായിൽ

(57)

...ന്ന് ചീഫ് എഞ്ചിനിയർ, കുട്ടനാട് പാക്കേജ് ഉറപ്പാക്കേണ്ടതും, ആയത് കയറ്റി
...ളള വാഹനങ്ങളിൽ ജിപിഎസ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.
6. വെളളപ്പൊക്കവും മറ്റ് നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി മാത്രം ചെയ്യുന്ന ടി പ്രവർത്തി
കൊണ്ട് ഒഴിവാക്കാനാവാത്ത മാറ്റങ്ങളല്ലാതെ, പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കുന്ന യാതൊന്നും
സംഭവിക്കുന്നില്ലെന്ന് ചീഫ് എഞ്ചിനിയർ, കുട്ടനാട് പാക്കേജ് ഉറപ്പാക്കേണ്ടതാണ്.
7. ചീഫ് എൻജിനിയർ, കുട്ടനാട് പാക്കേജ്, ഇത്തരത്തിൽ നീക്കം ചെയ്യുന്ന മണ്ണ്,
ജലാശയത്തിലോ, തണ്ണീർതടങ്ങളിലോ, നിലങ്ങളിലോ നിക്ഷേപിക്കുവാൻ പാടില്ലായെന്നും,
കരഭൂമിയിൽ തന്നെയാണ് സൂക്ഷിക്കുന്നതെന്നും ആയതിൽനിന്നും യാതൊന്നും നഷ്ടപ്പെടുന്നില്ലാ
യെന്നും ഉറപ്പുവരുത്തേണ്ടതും, പൂർണ്ണസംരക്ഷണം നിർവ്വഹിക്കേണ്ടതുമാണ്.
8. ചീഫ് എൻജിനിയർ, കുട്ടനാട് പാക്കേജ്, ടി ആവശ്യത്തിലേക്ക് ആലപ്പുഴ/കോട്ടയം ജില്ലാ
പോലീസ് മേധാവികളിൽ നിന്ന് ആവശ്യമായ പോലീസ് സംരക്ഷണം, ഉറപ്പുവരുത്തേ
ണ്ടതുമാണ്.
9. ടി മണ്ണ് നിക്ഷേപിക്കുന്ന സ്ഥലത്ത് സാധിക്കുമെങ്കിൽ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറാ
നിരീക്ഷണം ഏർപ്പെടുത്തേണ്ടതാണ്. മേൽവിവരിച്ച പ്രവർത്തികൾക്ക് ആവശ്യമായ തുക
ഇറിഗേഷൻ വകുപ്പ് കണ്ടെത്തേണ്ടതുമാണ്.
10. മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിയമാനുസൃതം നടപ്പിലാ
ക്കേണ്ടതും ആയത് ഇറിഗേഷൻ വകുപ്പിന്റെ ചെലവിൽ നിർവ്വഹിക്കേണ്ടതുമാണ്.
11. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തണ്ണീർത്തടങ്ങളിൽനിന്നും മൺചിറ
പൊളിച്ച് നീക്കംചെയ്യുന്ന വസ്തുക്കളുടെ അളവ് സംബന്ധിച്ച വിവരങ്ങൾ ചീഫ് എൻജിനിയർ
കുട്ടനാട് പാക്കേജ് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്
12. തണ്ണീർത്തടത്തിൽ മണ്ണ് നീക്കം ചെയ്യുന്ന ദിവസങ്ങളിലും രാത്രികാലങ്ങളിലും പോലീസ്
സംരക്ഷണം ഉറപ്പുവരുത്തുന്നതിനുളള നടപടി ചീഫ് എൻജിനീയർ കുട്ടനാട് പാക്കേജ്
സ്വീകരിക്കേണ്ടതാണ്.

ടി പ്രവർത്തികൾ മോണിറ്റർ ചെയ്യുന്നതിന് (ആലപ്പുഴ) ഡെപ്യൂട്ടി കളക്ടർ (ജനറൽ)
ചെയർമാനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി
രൂപീകരിച്ചിട്ടുളളതാണ്.

അംഗങ്ങൾ

1. ടൌൺ പ്ലാനർ ആലപ്പുഴ
2. പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, ആലപ്പുഴ
3. ഡെപ്യൂട്ടി കളക്ടർ ദുരന്തനിവാരണം ആലപ്പുഴ
4. ഡി.വൈ.എസ്.പി. ചേർത്തല
5. ഡി.വൈ.എസ്.പി. ആലപ്പുഴ
6. ജിയോളജിസ്റ്റ് ആലപ്പുഴ
7. ഡി.ഡി. ഫിഷറീസ്, ആലപ്പുഴ
8. തഹസിൽദാർ, അമ്പലപ്പുഴ
9. തഹസിൽദാർ, ചേർത്തല

ടി കമ്മിറ്റി സൈറ്റുകൾ സ്ഥിരമായി സന്ദർശിക്കേണ്ടതും എല്ലാ വെളളിയാഴ്ചയും
പ്രവർത്തിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

കൂടാതെ സബ് കളക്ടർ ആലപ്പുഴ ടി സൈറ്റുകളിൽ ആകസ്മിക പരിശോധന
നടത്തേണ്ടതും മോണിറ്ററിംഗ് കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

ജിയോളജിസ്റ്റിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന [illegible]കൾ രൂപീകരിച്ച് ടി പ്രവർത്തിയുടെ പൂർത്തീകരണം വരെ തുടരേണ്ടതുമാണ്.

ചെയർമാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി
&
ജില്ലാകളക്ടർ

പകർപ്പ്:-

1. സബ് കളക്ടർ, ആലപ്പുഴ
2. ടൗൺ പ്ലാനർ, ആലപ്പുഴ
3. എക്സിക്യൂട്ടീവ് എൻജിനിയർ, മെക്കാനിക്കൽ വിഭാഗം, ജലസേചന വകുപ്പ്, ആലപ്പുഴ
4. ചീഫ് എൻജിനിയർ കുട്ടനാട് പാക്കേജ്, ആലപ്പുഴ.
5. അഡീ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), ആലപ്പുഴ
6. എല്ലാ DDMA അംഗങ്ങൾക്കും.
7. ജില്ലാ പോലീസ് മേധാവി, കോട്ടയം.
8. പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, ആലപ്പുഴ.
9. ഡെപ്യൂട്ടി കളക്ടർ (ജനറൽ)
10. ഡി.വൈ.എസ്. പി. ആലപ്പുഴ
11. ഡി.വൈ.എസ്.പി. ചേർത്തല
12. ജിയോളജിസ്റ്റ്, ആലപ്പുഴ
13. ഡി.ഡി. ഫിഷറീസ്, ആലപ്പുഴ
14. തഹസീൽദാർ, ചേർത്തല
15. തഹസീൽദാർ, അമ്പലപ്പുഴ

(16)

ANNEXURE -3

File No.IR4/374/2018-WRD

GOVERNMENT OF KERALA

Abstract

Water Resources Department - Removal of Mineral sand from Thottappally Spillway Pozhimouth – Permission accorded to M/s Kerala Minerals & Metals Ltd (KMML) - Rate fixed - orders issued

WATER RESOURCES (IR) DEPARTMENT

**G.O.(Rt)No.385/2019/WRD** Dated,Thiruvananthapuram, 31/05/2019

Read 1 Letter No.W3-31299/2018/R/DB-2 dated 01/11/2018 and 09/05/2019 from Chief Engineer, Irrigation & Administration, Thiruvananthapuram.

2 Minutes of the meeting held by Hon'ble Minister for Water Resources on 02/05/2019.

3 Letter No.MS/Mines/TPLY/05 dated 02/05/2019 from MD, KMML.

4 Minutes of the meeting held by the Secretary, Water Resources Department on 14/05/2019.

5 Letter No.D8-4661/2019/ISC dated 29/05/2019 from the Superintending Engineer, Irrigation South Circle, Thiruvananthapuram.

ORDER

The accumulation of sand in the Thottappally Spillway in Alappuzha District has affected the free flow of flood water to the sea, risking the Kuttanad area by flooding during the impending Monsoon season. 2018 witnessed severe flooding in the area. The M.S. Swaminathan Research Foundation (MSSRF) & the IIT, Madras upon consultation have recommended clearance of sand bar at the mouth of spillway and deepening and widening of the leading channel for further derisking the flood problem in Kuttanad.

2) Since the sand deposit are noted to contain regulated minerals, the disposal of the sand can be entrusted only to the appropriate licensees in the public sector.

3)M/S Indian Rare Earths Ltd., Chavara & The Kerala Minerals & Metals Ltd. Chavara have approached Government for the sand and based on the decision in the meeting held by Hon'ble Minister on 24/01/2019, Superintending Engineer, Irrigation South Circle, Thiruvananthapuram invited Expression of Interest (EoI) on 26/02/2019. M/s KMML submitted their EoI and their quotation for removal of sand quoting a rate of Rs.290/$M^3$. The firms upon negotiation by the Superintending Engineer proposed that the order for removal of mineral sand may be made in favour of M/s KMML by suitable conveyance clauses. As per the report of the Chief Engineer, (I&A) dated 09/05/2019, M/s KMML has agreed that all financial and legal obligations with the department shall be met by M/s KMML.

4) As per the proposal dated 01/11/2018 of Chief Engineer (I&A) for the removal of mineral sand from Thottappally Spillway, the amount fixed for the mineral sand was Rs.464.55/$M^3$ (excluding the cost of dredging) with reference to the G.O.(Rt)No.645/2018/F&PD dated 06/08/2018 granting sanction to dredge sand at Thottappally Harbour by Fisheries & Port Department. As per G.O.(Rt) No.571/ 2012/WRD dated 14/05/2012 permission was granted to IREL for dredging of sand bar at Thottappally Spillway (TSW) mouth at the rate of Rs.450/$M^3$. However, as per the G.O.(Rt) No.112/19/F&PD dated 12/02/2019, the rate fixed for the dredged spoil at Neendakara Port is Rs.306.54/$M^3$ including all taxes and the bidder M/s KMML had to pay the cost of dredging to the Fisheries Department. Essentially all these were within a range, comparable rates.

5)Since the rates proposed by the IREL & KMML based on above G.O. dated 12/02/2019 was quite below the previous rates (Rs.464.55/$M^3$; Rs.450/$M^3$) especially considering that the sand contains regulated atomic minerals. Government had entrusted Mining & Geology Department as well as the NCESS to assess and evaluate the contents of the mineral sand. But both institutions have not replied till date conclusively recommending a different rate. Further, in response to Government letter dated 30/04/2019, M/s KMML informed that they are

ready to accept the rate of Rs.464.55/$M^3$ for the sand. In the meantime a high level meeting was convened on 02/05/2019, under the Chairmanship of the Hon'ble Minister for Water Resources Department, in which Hon'ble Ministers for Finance, Public Works Department, Food & Civil Supplies and Agriculture were also present, to decide on the removal of sand from Thottappally Spillway. The meeting assessed that the then rate quoted by IREL & KMML appeared to be low (ie.Rs. 290/$M^3$) and therefore the Additional Chief Secretary, Water Resources Department was entrusted to have discussions with the Secretary, Industries Department and to take a decision in the matter. Also decided that the Chief Engineer(I&A) shall realize the proceeds of sale to Government heads.

6)Based on the above decision, a meeting was convened by Secretary, WRD on 14/05/2019 with officials of IREL, KMML, and representative of MD, KSIDC & Secretary to Industries Department. In the meeting it was found that sand is to be removed before the onset of current monsoon (June 2019). The KMML and Industries Department(KSIDC) refused to increase the offered rate. But agreed to review it later if necessary. The only practically feasible option before the Government is therefore to accept the highest rate offered by KMML and IREL on the date ie. Rs. 464.55/$M^3$ excluding the excavation/ dredging charges as per the terms and conditions of agreement and EoI floated. The KMML has also to bear the GST expenses such as income tax, welfare tax, royalty etc.

7) Government have examined the matter in detail and are pleased to accord sanction to Chief Engineer, (I&A) to accept the highest offered rate on date of Rs.464.55/$M^3$ for the sand excluding GST and excavations/ dredging charges offered by M/s KMML as per letter read 3rd paper above in accordance with the terms and conditions of EoI floated subject to the condition that the above rate will be in force only for three (3) months which is to be revisited at that point on recommendations of Chief Engineer (I&A).

8)The Chief Engineer (I&A) is directed to take urgent action to execute necessary agreement with the PSU mentioned above and move forward to avoid the loss of sand during the impending monsoon, so as to allow free flow of water through the pozhi mouth.

7/3 (19)

(By order of the Governor)
**Dr. B. ASHOK**
Secretary to Government

To:

The Chief Engineer (I&A), Thiruvananthapuram.
The Chief Engineer Kuttanad Package & Inland Navigation, Alappuzha
The Chief General Manager & Head, IREL, Chavara, Kollam
Managing Director, KMML, Chavara, Kollam
Managing Director, Kerala State Industrial Development Corporation (KSIDC), Thiruvananthapuram.
The Principal Accountant General (A&E / Audit), Kerala, Thiruvananthapuram.
Stock File/Office Copy.

Forwarded /By order

Section Officer

Endt - C2 - 62566/09 കളക്ടറേറ്റ്, ആലപ്പുഴ

തീയതി:- 1.10.19

ടി ഉത്തരവിൻ മേൽ നടപടി സ്വീകരിക്കുന്നതിന് IREL, KMML ഉദ്യോഗസ്ഥർക്ക് പകർപ്പ് അയച്ചു കൊടുക്കുന്നു.

1/10/19

ജില്ലാ കളക്ടർക്കു വേണ്ടി

(20)

ANNEXURE - (4)

DMC5-1160/2020 തീയതി - 19/05/2020

മഴക്കാല മുന്നൊരുക്കപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 19.05.2020 ന് ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിന്റെ നടപടി സംഗ്രഹം

ഹാജർ

1. ശ്രീ. ജി.വേണുഗോപാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ആലപ്പുഴ
2. ശ്രീ ജയിംസ് ജോസഫ്, IPS ജില്ലാ പോലീസ് മേധാവി
3. ശ്രീ. സുഹൈർ. കെ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
4. ഡോ. അനിതാകുമാരി. ഡി.എം. ഒ (ആരോഗ്യം) ആലപ്പുഴ
5. ശ്രീ. അഭിലാഷ് കെ. ആർ. ജില്ലാ ഫയർ ഓഫീസർ ആലപ്പുഴ
6. ശ്രീ. എം.ജി. സാബു, സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി, ആലപ്പുഴ
7. ശ്രീമതി. ആശ സി എബ്രഹാം, ഡെപ്യൂട്ടി കളക്ടർ (ഡി.എം)

യോഗനടപടികൾ 3.30 ന് ആരംഭിച്ചു. യോഗത്തിൽ സന്നിഹിതരായവർക്ക് ചെയർപേഴ്സൺ സ്വാഗതം ആശംസിച്ചു. തെക്ക്പടിഞ്ഞാറൻ കാലവർഷം ആസന്നമായ സാഹചര്യത്തിൽ ജില്ലയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ് യോഗം ചേർന്നതെന്ന് ആമുഖമായി അദ്ധ്യക്ഷ അറിയിച്ചു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലയിലെ എല്ലാ ജില്ലാ ഓഫീസർമാർക്കും നൽകിയിട്ടുള്ളതും, മുൻവർഷങ്ങളിലേതുപോലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളത് യോഗം വിലയിരുത്തുകയും അതിന് തത്വത്തിൽ സാധൂകരണം നൽകുകയുമുണ്ടായി. കൂടാതെ ഈ വർഷത്തെ ഓറഞ്ച് ബുക്ക്- കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്തപ്രതികരണ മാർഗ്ഗരേഖയിലെ പരാമർശങ്ങളും യോഗം വിശകലനം ചെയ്തു.

തീരുമാനങ്ങൾ

1. ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പ് മേധാവികളും നോഡൽ ഓഫീസർമാരെ നിയമിച്ച് വിവരങ്ങൾ 25.05.2020 ന് മുമ്പായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് സമർപ്പിക്കുന്നതിനും കൂടാതെ തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ദുരന്തലഘൂകരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചു.
2. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരെ പങ്കെടുപ്പിച്ച് മഴക്കാലപൂർവ്വ നടപടികൾ സംബന്ധിച്ച യോഗങ്ങൾ (കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്) ഡി.ഡി.എം.എ വൈസ് ചെയർമാനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തുവാനുള്ള എസ്.ഡി.എം.എ നിർദ്ദേശം നടപ്പിലാക്കുവാൻ തീരുമാനിച്ചു.
3. കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് SDMA യിൽ നിന്നും ലഭിച്ച ഓറഞ്ച് ബുക്കിലെ മാർഗ്ഗരേഖ പ്രാവർത്തികമാക്കുവാൻതീരുമാനിച്ചു. കൂടാതെ ക്രമനമ്പർ 3

പ്രകാരം കോവിഡ് രോഗലക്ഷണങ്ങളുള്ള ആളുകളെ മാറ്റി പാർപ്പിക്കുന്നതിനായി പ്രത്യേകം കെട്ടിടങ്ങൾ കണ്ടെത്തണമെന്നുള്ള നിർദ്ദേശം സമുദ്രനിരപ്പിൽ നിന്നും താഴെയായി സ്ഥിതി ചെയ്യുന്ന കുട്ടനാട് താലൂക്കിനെ സംബന്ധിച്ച് തികച്ചും അപ്രായോഗികമാണെന്ന് യോഗം വിലയിരുത്തുകയും ആയത് സംബന്ധിച്ചുള്ള നിർദ്ദേശം സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു. ആയതിനാൽ കുട്ടനാടിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് 2020 മെയ് 20 മുതൽ കോവിഡ് 19 രോഗവ്യാപന നിയന്ത്രണ നടപടികളുടെ ഭാഗമായി നിരീക്ഷണത്തിൽ വെയ്ക്കാനുള്ള വ്യക്തികളെ കുട്ടനാട് താലൂക്കിലെ കോവിഡ് കെയർ സെന്ററിലേയ്ക്ക് അയക്കേണ്ടതില്ലാ എന്ന് തീരുമാനിച്ചു.

4. കോവിഡിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസക്യാമ്പുകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ പോസ്റ്ററുകൾ തയ്യാറാക്കി ക്യാമ്പുകളിൽ പ്രദർശിപ്പിക്കുന്നതിന് തീരുമാനിച്ചു.
